2023
DECEMBER
28
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇസ്രയേൽ സൈന്യത്തിന് നേരെ ആക്രമണം; ആറ് പലസ്തീനികളെ കൊന്നു

**തുൽക്കർ:** വെസ്റ്റ് ബാങ്ക് നഗരമായ തുൽക്കറിൽ ഇസ്രയേൽ റെയ്ഡിനിടെ നടത്തിയ ആക്രമണം ആറ് പലസ്തീനികൾ കൊല്ലപ്പെട്ടു. പലസ്തീൻ ആരോഗ്യ മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്.

തങ്ങളുടെ സൈന്യത്തിന് നേരെ സ്ഫോടകവസ്തുക്കൾ എറിഞ്ഞ തീവ്രവാദികളെ വകവരുത്തിയതായി ഇസ്രയേൽ സൈന്യം പറഞ്ഞു. ഇസ്രയേൽ വ്യോമസേനയുടെ വിമാനമാണ് പലസ്തീനികളെ ആക്രമിച്ചത്.

വെസ്റ്റ് ബാങ്കിലേക്കുള്ള പ്രധാന ക്രോസിംഗ് പോയിൻറുകളിലൊന്നിലെ ഫ്ലാഷ് പോയിൻറ് നഗരമായ തുൽക്കറിലെ നൂർ ഷംസ് അഭയാർത്ഥി ക്യാമ്പിലാണ് ഏറ്റുമുട്ടൽ നടന്നത്. ഞങ്ങൾ നിലവിളി കേട്ടു, ഞങ്ങളുടെ വീട് സമീപത്താണ് ആക്രമണം നടന്നത്, അതിനാൽ ഞങ്ങൾ കാണാൻ പുറത്തിറങ്ങി, സമീപത്ത് താമസിക്കുന്ന ഒരു താമസക്കാരനായ ഇസാൽഡിൻ അസായിലി പറഞ്ഞു.

കൊല്ലപ്പെട്ട യുവാക്കൾക്ക് 17 നും 29 നും ഇടയിൽ പ്രായമുണ്ടെന്ന് പലസ്തീൻ ഔദ്യോഗിക വാർത്താ ഏജൻസിയായ വഫ പറഞ്ഞു.

## കെൽട്രോണിന് 23 കോടി നൽകിയില്ല എഐ ക്യാമറ അവതാളത്തിൽ

**തിരുവനന്തപുരം:** റോഡ് ക്യാമറകൾ പ്രവർത്തിപ്പിക്കുന്നതിന് കെൽട്രോണിന് നൽകാനുള്ള 23 കോടി രൂപ നൽകാതെ സർക്കാർ. പണം ലഭിക്കാതെ വന്നതോടെ വാഹന നിയമലംഘനങ്ങൾക്ക് ചല്ലാൻ അയയ്ക്കുന്ന പ്രവർത്തനങ്ങൾ അവതാളത്തിലായി. പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെ 34 ലക്ഷം ചല്ലാനുകൾ ജനറേറ്റ് ചെയ്തു. 16 ലക്ഷം ചല്ലാൻ തപാൽവഴി അയച്ചു. പണമില്ലാത്തതിനാൽ ബാക്കിയുള്ള അയയ്ക്കാനായില്ല. ക്യാമറ സ്ഥാപിച്ചതിൽ അഴിമതി ആരോപിച്ചുള്ള ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹർജിയിൽ തീരുമാനമായശേഷം സപ്ലിമെന്ററി കരാർ ഒപ്പിടാമെന്ന സർക്കാർ നിലപാടും കെൽട്രോണിനു തിരിച്ചടിയായി.

ജൂൺ അഞ്ചിനാണ് സംസ്ഥാനത്തൊട്ടാകെ 726 ക്യാമറകൾ സ്ഥാപിച്ചത്. ആദ്യത്തെ മൂന്നു മാസം പദ്ധതി നടത്തിപ്പിനായി കെൽട്രോണിനു നൽകേണ്ടിയിരുന്നത് 11.75 കോടിരൂപ. ഇതിനിടെ, പദ്ധതിയിൽ അഴിമതി ആരോപിച്ച് ഹൈക്കോടതിയിൽ ഹർജികൾ സമർപ്പിക്കപ്പെട്ടു. കരാറുകാർക്ക് പണം കൈമാറുന്നത് തടഞ്ഞ കോടതി, കെൽട്രോണിന് 11.75 കോടിനൽകാൻ അനുവാദം നൽകി.



കെൽട്രോൺ പലതവണ ആവശ്യപ്പെട്ടിട്ടും സർക്കാർ പണം അനുവദിച്ചില്ല. അടിയന്തരമായി പണം ലഭിച്ചില്ലെങ്കിൽ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭിക്കുന്ന അവസ്ഥയിലാണ്.

പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് ഒരു കോടിയോളം രൂപ പ്രതിമാസം ചെലവാകുന്നുണ്ട്. ഒരു ചല്ലാൻ അയയ്ക്കാൻ 20 രൂപയാണ് ചെലവ്. നവംബർ പകുതിവരെയുള്ള ചല്ലാനുകൾ അയച്ചു കഴിഞ്ഞു. പണമില്ലാത്തിനാൽ ചല്ലാൻ അയയ്ക്കുന്നത് പരമാവധി കുറച്ചിരിക്കുകയാണ്. മുൻപ് 33,000 ചല്ലാനുകൾ അയച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ അയയ്ക്കുന്നത് പതിനായിരത്തിൽ താഴെ മാത്രം. കൺട്രോൾ റൂമിന്റെ വൈദ്യുതി ചാർജ്, ക്യാമറ കണക്ടിവിറ്റി ചാർജ്, ഇന്റർനെറ്റ് ചാർജ് എന്നിവയെല്ലാം കെൽട്രോണിന്റെ ഫണ്ടിൽനിന്നാണ് കൊടുക്കുന്നത്. 145 കരാർ ജീവനക്കാരുടെ ശമ്പളവും കൊടുക്കണം.

## എംഫിൽ ഡിഗ്രി കോഴ്സ് നിർത്തി, വിദ്യാർഥികൾ അഡ്മിഷൻ എടുക്കരുത്: അറിയിപ്പുമായി യുജിസി

**ന്യൂഡൽഹി :** എംഫിൽ ഡിഗ്രി കോഴ്സ് നിർത്തലാക്കിയെന്നും വിദ്യാർഥികൾ അഡ്മിഷൻ എടുക്കരുതെന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ (യുജിസി). എംഫിൽ കോഴ്സ് അംഗീകൃതമല്ലെന്ന വിവരം ഔദ്യോഗിക വെബ്സൈറ്റിലും യുജിസി അറിയിച്ചിട്ടുണ്ട്.

എംഫിൽ (മാസ്റ്റർ ഓഫ് ഫിലോസഫി) കോഴ്സിനു ചില സർവകലാശാലകൾ അപേക്ഷ ക്ഷണിച്ച പശ്ചാത്തലത്തിലാണ് ഇടപെടൽ. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ എംഫിൽ നിർത്തണമെന്നു സർവകലാശാലകൾക്കു യുജിസി നേരത്തേ നിർദേശം നൽകിയിരുന്നു.

എംഫിൽ പ്രോഗ്രാമിലേക്കു ചില സർവകലാശാലകൾ പുതിയ അപേക്ഷ ക്ഷണിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

എംഫിൽ ബിരുദം അംഗീകൃതമല്ലെന്ന് ഈ അവസരത്തിൽ വ്യക്തമാക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എംഫിൽ പ്രോഗ്രാം വാഗ്ദാനം ചെയ്യരുതെന്നു നിയമമുണ്ട്. എംഫിൽ അഡ്മിഷൻ ഉടനടി നിർത്താൻ സർവകലാശാലകൾ നടപടിയെടുക്കണം യുജിസി നോട്ടിസിൽ അറിയിച്ചു.

## സ്വർണവിലയിൽ കുതിപ്പ് തുടരുന്നു; രണ്ടാഴ്ചക്കിടെ 1500 രൂപയുടെ വർധന



**കൊച്ചി:** സംസ്ഥാനത്ത് തുടർച്ചയായി 10 ദിവസത്തോളം സ്വർണവില ഉയർന്ന് വീണ്ടും 47,000 ത്തിലേക്ക് എത്തുന്നു. ഇന്നലെ (27/12/2023) പവന് 80 രൂപ വർധിച്ചത് ഒരു പവൻ സ്വർണത്തിൻറെ വില 46,800 രൂപയായി.

ഈ മാസം 4ന് 47,000 കടന്ന് സ്വർണവില റെക്കോർഡ് ഇട്ടിരുന്നു. പിന്നീട് ഡിസംബർ 13 വരെയുള്ള 9 ദിവസം തുടർച്ചയായി വില താഴുന്നതാണ് കണ്ടത്. എന്നാൽ 13ന് 45,320 രൂപയായി ഈ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തിയ ശേഷം തൊട്ടടുത്ത ദിവസം ഒറ്റയടിക്ക് ഉയർന്നത് 800 രൂപ വർധനവുണ്ടായി. 15ന് വീണ്ടും 360 രൂപ താഴ്ന്ന സ്വർണവില 18 മുതൽ വീണ്ടും ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചക്കിടെ 1500 രൂപയാണ് വർധിച്ചത്.



# റബ്ഫാം പ്രൊഡ്യൂസർ കമ്പനിയുടെ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലേക്ക്



**കോട്ടയം:** റബ്ഫാം പ്രൊഡ്യൂസർ കമ്പനിയുടെ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നു. കർഷകരിൽനിന്നു ശേഖരിക്കുന്ന റബർ ഉപയോഗിച്ച് മൂല്യവർധിത ഉത്പന്നങ്ങൾ ആയ ഗ്രോബാഗ്, ഇൻഡോർ, ഔട്ട്ഡോർ ചെടിച്ചട്ടികൾ, കൈയുറകൾ, റബർബാൻഡ് തുടങ്ങിയവയാണ് വിപണിയിലേക്ക് എത്തിക്കുന്നത്.

ഈ ഉത്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കുന്ന ചടങ്ങ് 31നു കോട്ടയം ബസേലിയോസ് കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. വൈകുന്നേരം മൂന്നിനു നടക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ റബ്ഫാം ഉത്പന്നങ്ങൾ വിപണിയിൽ ഇറക്കും. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിക്കും. റബർ ബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ ഇൻസ്റ്റിറ്റ്യൂഷണൽ ഷെയർ വിതരണം ചെയ്യും. തോമസ് ചാഴികാടൻ എംപി കമ്പനിയുടെ വെബ്സൈറ്റ് പ്രകാശനം ചെയ്യും.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ബിന്ദു റബ്ഫാമിന് ലഭിച്ച കേരൾ അഗ്രോ എന്ന ബ്രാൻഡ് പ്രഖ്യാപിക്കും. റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഉത്പന്ന വിപണനത്തിനുള്ള ആദ്യ ഡീലർഷിപ്പ് വിതരണം ചെയ്യും. കേരള സർക്കാർ കൃഷി വകുപ്പിൻറെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കർഷക കാർഷിക കൺസോഷ്യത്തിൻറെ പ്രോത്സാഹനത്തോടെ റബർ കർഷകർ രൂപം കൊടുത്ത് പ്രവർത്തിക്കുന്ന കർഷക ഉത്പാദക കമ്പനിയാണ് റബ്ഫാം. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ 25 റബർ ഉത്പാദക സംഘങ്ങളിലെ 317 റബർ കർഷകരെ ഓഹരി ഉടമകളാക്കി 2022ലാണ് റബ് ഫാം എന്ന പേരിൽ ഫാർമർ പ്രൊഡ്യൂസർ കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത്. നിലവിലുള്ള കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് റബർ ഓഹരി ഉടമകളിൽ നിന്നും സംഭരിക്കുന്നതിനാണ് കമ്പനി ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക്കിനു പകരം റബർ എന്ന ബദൽ ഉത്പന്നമാണ് റബ് ഫാം മുന്നോട്ടു വയ്ക്കുന്നത്. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു കമ്പനിയുടെ നിർമാണ ശാലയിലാണു റബ്ഫാം ഗ്രോ ബാഗും ചെടിച്ചട്ടികളും ഇപ്പോൾ നിർമിക്കുന്നത്. വെള്ളൂരിലെ കേരള റബർ ലിമിറ്റഡിലെ റബർ പാർക്കിൽ സ്വന്തം നിർമാണശാല നിർമിച്ച് ഉത്പന്നങ്ങൾ നിർമിക്കുന്നതിനാണ് കമ്പനി ലക്ഷ്യമിടുന്നത്.

റബ് ഫാം ഉത്പന്നങ്ങൾ പൊതു വിതരണ ശൃംഖലയിലൂടെയും ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനത്തിലൂടെയും ലഭ്യമാണ്. കൃഷി വകുപ്പിൻറെ കേരൾ അഗ്രോ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചു കഴിഞ്ഞു. ഫ്ളിപ്പ് കാർട്ട്, ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും വിപണനമുണ്ട്.

പത്രസമ്മേളനത്തിൽ റബ്ഫാം പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ഡോ. ജേക്കബ് മാത്യു, ഡയറക്ടർ പ്രാൺ ബേബി, സിബ്ബ ജോമോൻ ജോസഫ്, പബ്ലിസിറ്റി കൺവീനർ ബാബു ജോസഫ്, റബർ ടെക്നോളജിസ്റ്റ് കെ.കെ. ആനന്ദ് എന്നിവർ പങ്കെടുത്തു.

# ദേശീയ സരസ് മേള: കാർഷിക മൃഗസംരക്ഷണ മേഖലയിലെ നൂതന സാധ്യതകളുമായി സെമിനാർ



**കൊച്ചി:** കാർഷിക മൃഗസംരക്ഷണ മേഖലയിലെ നൂതന സാധ്യതകളും സംരംഭക ആശയങ്ങളും ചർച്ച ചെയ്ത് ദേശീയ സരസ്മേളയിലെ ഏഴാം ദിനം. സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ വഴികൾ തുറന്ന് കാർഷിക മൃഗസംരക്ഷണ മേഖലയിലെ സംരംഭക സാധ്യതകൾ എന്ന വിഷയത്തിൽ നടന്ന സെമിനാർ ശ്രദ്ധേയമായി.

കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടറും കുടുംബശ്രീ മുൻ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായ പ്രമോദ് മാധവൻ കാർഷിക മേഖലയിലെ സംരംഭക സാധ്യതകളെക്കുറിച്ച് അറിവുകൾ പകർന്നു. എങ്ങനെ കൃഷി ലാഭകരമായി മുന്നോട്ട് കൊണ്ടുപോകാം എന്നതിനെക്കുറിച്ച് അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു. ഭൂരിഭാഗം നിത്യോപയോഗ വസ്തുക്കൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നാടാണ് കേരളം അതുകൊണ്ടുതന്നെ ഇവിടെ വലിയ രീതിയിലുള്ള സംരംഭക സാധ്യതകളുണ്ട്. കൃഷിയിടം തന്നെ വിപണിയാക്കി അഗ്രികൾച്ചർ എന്നതിൽ നിന്ന് മാറി അഗ്രിബിസിനസ് എന്ന നിലയിലേക്ക് കൊണ്ട് വരണം. ഇടനിലക്കാരെ ഒഴിവാക്കി സ്വന്തമായി വിപണി കണ്ടെത്തുന്നതിലൂടെ കൃഷിയിൽ ലാഭം കണ്ടെത്താൻ സാധിക്കും. കൃഷിക്കാരൻ സ്വന്തമായി ഒരു ബ്രാന്റായി മാറണം.

ജല മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിലൂടെ മാത്രമേ കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിച്ചുകൊണ്ട് മികച്ച രീതിയിൽ കൃഷി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കൂ. കാലാനുസൃതമായ മാറ്റം കൃഷി രീതിയിലും കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക് യന്ത്രങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയണം. ഡ്രോൺ പോലുള്ളവ ഉപയോഗിച്ച് വളപ്രയോഗം നടത്താൻ നമ്മുടെ കർഷകരെയും പ്രാപ്തരാക്കണം. ജൈവവളങ്ങളുടെയും കീടനാശിനികളുടെയും മാത്രം ഉപയോഗപ്പെടുത്തി കൃഷി ചെയ്യുന്നത് വഴി ജൈവ സർട്ടിഫിക്കേഷൻ നേടി കൂടുതൽ വിപണി കണ്ടെത്താൻ സാധിക്കും.

വിവിധ ജില്ലകളിലായി വിജയിച്ച സംരംഭങ്ങൾ അദ്ദേഹം വേദിയിൽ പരിചയപ്പെടുത്തി. സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമായി പുതിയ ആശയങ്ങൾ പങ്കുവച്ചു.

കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടറും കുടുംബശ്രീ മുൻ ജില്ലാ മിഷൻ കോഓർഡിനേറ്ററുമായ റ്റാനി തോമസ് മോഡറേറ്ററായി. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ റ്റി. എം റജീന അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്റർ എം. ഡി സന്തോഷ്, പ്രോഗ്രാം മാനേജർ ടി. ആർ രമ്യ തുടങ്ങിയവർ പങ്കെടുത്തു.

# കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളജിൽ ഒഴിവുകൾ

**കോഴിക്കോട്:** ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജിൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വകുപ്പിൽ പ്രൊഫസർ തസ്തികയിലും, അനാട്ടമി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും സർജറി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും ഓരോ ഒഴിവുകളിലേക്ക് (ആകെ 3 ഒഴിവുകൾ) റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ഗവ. / എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളജുകളിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിരമിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി / നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഡിസംബർ 30നു മുമ്പായി പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിംഗ് ഓഫീസർ ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, തിരുവനന്തപുരം 695009 എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

# പരസ്യചിത്ര നിർമാണത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുവാനും സംസ്ഥാന സർക്കാർ നാളിതുവരെ ഈ പദ്ധതിയിൽ കൈവരിച്ച നേട്ടങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുവാനും കളള ഘടകത്തിൽ ഉൾപ്പെടുത്തി 30 സെക്കൻഡ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള പരസ്യചിത്രങ്ങൾ നിർമ്മിക്കുന്നു. ഇതിനായി യോഗ്യരായ സ്ഥാപനങ്ങൾ /വ്യക്തികളിൽ നിന്നുള്ള താല്പര്യപത്രം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കേണ്ട അവസാന തീയതി 2024 ജനുവരി 5 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഏറ്റവും നല്ല ആശയം മികച്ച രീതിയിൽ ആവിഷ്കരിച്ച് തയ്യാറാക്കിയ സ്ക്രിപ്റ്റ്, നിർമ്മാണ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം 2024 ജനുവരി 5ന് വൈകിട്ട് 5ന് മുൻപായി പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ (നാലാം നില), നന്ദൻകോട് പി. ഓ., തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. അതിദാരിദ്ര്യ നിർമാർജന പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ http://epip.kerala.gov.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി സംസ്ഥാന സെല്ലുമായി ബന്ധപ്പെടാം.

# സ്ക്രൈബിനെ ആവശ്യമുള്ളവർക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനമനുസരിച്ച് ക്ലർക്ക് കം കാഷ്യർ (കാറ്റഗറി നമ്പർ: 20/2023), ഓഫീസ് അറ്റൻഡന്റ് (കാറ്റഗറി നമ്പർ: 22/2023) എന്നീ തസ്തികകളിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷ 2024 ജനുവരി 14, ഞായർ, രാവിലെ 10.30 മുതൽ 12.15 വരെ തിരുവനന്തപുരം ജില്ലയിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. തസ്തികകളുടെ ഒ.എം.ആർ പരീക്ഷയെഴുതുന്ന ഭിന്നശേഷിക്കാരായ (40 ശതമാനത്തിനു മുകളിൽ) ഉദ്യോഗാർത്ഥികൾക്ക് സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ പരീക്ഷാ തീയതിയ്ക്ക് ഏഴ് ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഇമെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. പരീക്ഷയുടെ ഹാൾടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം(JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION) ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാർ നൽകുന്ന 'എഴുതുവാൻ ബുദ്ധിമുട്ടുണ്ട്' എന്ന് കാണിച്ച് കൊണ്ടുള്ള സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്ക്രൈബിനെ അനുവദിക്കുന്നതിനു വേണ്ടി പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് കെ.ഡി.ആർ.ബിയുടെ ഔദ്യോഗിക വെബ്സൈറ്റ് (www.kdrb.kerala.gov.in) സന്ദർശിക്കുക.

# കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം


**തിരുവനന്തപുരം:** മലയിൻകീഴ് എം.എം.എസ് ഗവ. ആർട്സ് ആൻഡ് സയൻസ് കോളജിൽ 201819, 201920 അധ്യയന വർഷങ്ങളിൽ അഡ്മിഷൻ നേടിയതും ഇതുവരെ കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റിയിട്ടില്ലാത്തതുമായ വിദ്യാർഥികളും 202324 അധ്യയന വർഷം അഡ്മിഷൻ നേടിയ ശേഷം റ്റിസി വാങ്ങിയ ശേഷം സ്പെഷ്യൽ ഫീസ് തിരികെ കൈപ്പറ്റാത്തതുമായ വിദ്യാർഥികളും 2024 ജനുവരി 20ന് മുമ്പായി കോളജ് ഓഫീസിൽ അപേക്ഷ നൽകി തുക കൈപ്പറ്റണം.

അന്വേഷണങ്ങൾക്ക് 0471 2282020, ഇമെയിൽ : gcktda@gmail.comഎന്നിവയിൽ ബന്ധപ്പെടുക.

# ക്യാപ്റ്റൻ മില്ലറിലെ ഉൻ ഒളിയിലെ മെലഡിഗാനം ട്രെൻഡിങ് ലിസ്റ്റിൽ മുന്നിൽ


ധനുഷിന്റെ കരിയറിലെ ഏറ്റവും വലിയ ചിത്രമായാണ് ക്യാപ്റ്റൻ മില്ലർ 2024ലെ പൊങ്കലിന് റിലീസാകാൻ ഒരുങ്ങുന്നത്. മികവുറ്റ കലാകാരന്മാർ അഭിനയ മേഖലയിലും സാങ്കേതിക മേഖലയിലും പ്രവർത്തിക്കുന്ന ക്യാപ്റ്റൻ മില്ലറുടെ എല്ലാ പ്രൊമോഷണൽ മെറ്റീരിയലുകളും, ഫസ്റ്റ് ലുക്ക് മുതൽ ടീസർ മുതൽ ആദ്യ സിംഗിൾ വരെ പ്രേക്ഷകരിൽ നിന്ന് ഗംഭീര പ്രതികരണം നേടി. ജി വി പ്രകാശ് കമ്പോസ് ചെയ്ത ഉൻ ഒളിയിലെ ഗാനം ആലപിച്ചിരിക്കുന്നത് സീൻ റോൾഡൻ ആണ്. കബേർ വാസുകി ആണ് ഗാനരചന നിർവഹിച്ചിരിക്കുന്നത്. മൂന്നു മില്യൺ കാഴ്ചക്കാരിലേക്കു കുതിക്കുകയാണ് ക്യാപ്റ്റൻ മില്ലെറിലെ രണ്ടാം ഗാനം. വളരെ സാന്ത്വനിപ്പിക്കുന്ന ഉപകരണങ്ങളുടെ ഉപയോഗത്തോടുകൂടിയ വേഗത കുറഞ്ഞതും എന്നാൽ ആഴത്തിലുള്ളതുമായ ഒരു നമ്പർ ആണ് ഈ ഗാനം. ധനുഷിന്റെയും പ്രിയങ്ക മോഹന്റെയും സ്ക്രീനിലെ കെമിസ്ട്രി ഈ ഗാനത്തിന് കൂടുതൽ മനോഹാരിത സമ്മാനിക്കുന്നു. അരുൺ മാതേശ്വരൻ സംവിധാനം ചെയ്ത് സത്യജ്യോതി ഫിലിംസ് നിർമ്മിച്ച ഒരു വാർ ആക്ഷൻ ചിത്രമാണ് ക്യാപ്റ്റൻ മില്ലർ. ധനുഷ്, ശിവ രാജ്കുമാർ, സന്ദീപ് കിഷൻ, പ്രിയങ്ക മോഹൻ, ജോൺ കൊക്കൻ, നിവേദിത സതീഷ്, എഡ്വേർഡ് സോണൻബ്ലിക്ക് തുടങ്ങി നിരവധി താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. സിദ്ധാർത്ഥ നുനിയുടെ ഛായാഗ്രഹണവും നാഗൂരാൻ രാമചന്ദ്രൻ എഡിറ്റിംഗും നിർവ്വഹിക്കുന്നു.സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനും ചേർന്ന് നിർമ്മിക്കുന്ന ചിത്രം സത്യജ്യോതി ഫിലിംസിന്റെ ബാനറിൽ ടി ജി ത്യാഗരാജനാണ് അവതരിപ്പിക്കുന്നത്. കേരളത്തിൽ ചിത്രത്തിന്റെ വിതരണാവകാശം സ്വന്തമാക്കിയത് ഫോർച്യൂൺ സിനിമാസാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

# യുലിൻ പ്രൊഡക്ഷൻസിന്റെ ഹിന്ദി ചിത്രം




ദി സീബ്രാസ്ഡാർക്ക് സ്റ്റാർട്ട് ഡിജിറ്റൽ വില്ലേജ് മലയാള ചിത്രത്തിനു ശേഷം യുലിൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ അഖിൽ മുരളി,ആഷിക് മുരളിഎന്നിവർ ചേർന്ന് നിർമ്മിക്കുന്ന ദി സീബ്രാസ്ഡാർക്ക് സ്റ്റാർട്ട് എന്നഹിന്ദി സിനിമയുടെ ഒഫീഷ്യൽ ടീസർ റിലീസായി. ബോളിവുഡ് നടൻ ഷരീബ് ഹാഷ്മി(ദി ഫാമിലി മാൻ, തർല, ഫിലിമിസ്താൻ, വിക്രം വേദ) ബംഗാളി താരം പ്രിയങ്ക സർക്കാർ,ഉഷ ബാനർജി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിഅനീക് ചൗധരി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ദി സീബ്രാസ്ഡാർക്ക് സ്റ്റാർട്ട് .അശോക് കാഞ്ചിലാൽ, സുലഗ്ന ചക്രവർത്തി, രാജാ ചാറ്റർജി,പ്രിയ ബിക്രം,അരിജീത് ഗാംഗുലി എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഛായാഗ്രഹണം അരിജിത് ബോസ്,സംഗീതംഫാബിയോ ഗുഗ്ലിയൽമോ അനസ്താസി,എഡിറ്റർഅനീക് ചൗധരി,പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി മേനോൻ,കലപ്രീതി നാഗ്,ചീഫ് അസോസിയേറ്റ് ഡയറക്ടർഇഷിത ദത്ത,പ്രോജക്ട് മാനേജർ സഞ്ജിബ് ഹോർ, അയാൻ അച്ചാർജി, അസോസിയേറ്റ് ഡയറക്ടർസുലഗ്ന ചക്രവർത്തി,പി ആർ ഒഎ എസ് ദിനേശ്.


# പേപ്പട്ടി




ശിവ ദാമോദർ,അക്ഷര നായർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിസലീം ബാബ, കഥ ആക്ഷൻ, കൊറിയോഗ്രാഫി എന്നിവ നിർവ്വഹിച്ച് സംവിധാനം ചെയ്യുന്ന പേപ്പട്ടി എന്ന് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.സുധീർ കരമന,സുനിൽ സുഖദ, സ്ഫടികം ജോർജ്ജ്, ബാലാജി,ജയൻ ചേർത്തല, സംവിധായകൻ സിദ്ദിഖ്, ഡോക്ടർ രജിത് കുമാർ,സാജു കൊടിയൻ,ജുബിൽ രാജ്,ചിങ്കീസ് ഖാൻ, നെൽസൺ ശൂരനാട്,ജിവാനിയോസ് പുല്ലൻ, ഹരിഗോവിന്ദ് ചെന്നൈ,ജോജൻ കാഞ്ഞാണി, രമേശ് കുറുമശ്ശേരി,ഷാനവാസ്,സക്കീർ നെടുംപള്ളി,എൻ എം ബാദുഷ,അഷ്റഫ് പിലാക്കൽ, ജോൺസൺ മാപ്പിള,സീനത്ത്, നീനാ കുറുപ്പ്,നേഹ സക്സേന കാർത്തിക ലക്ഷ്മി,ബിന്ദു അനീഷ്, അശ്വതി കാക്കനാട്,വീണ പത്തനംതിട്ട തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

സിൽവർ സ്കൈ പ്രൊഡക്ഷൻസിന്റെ ബാനറിൽ കുര്യാക്കോസ് കാക്കനാട് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സാലി മൊയ്തീൻ നിർവ്വഹിക്കുന്നു.ശ്രീമൂലനഗരം പൊന്നൻ തിരക്കഥ, സംഭാഷണമെഴുതുന്നു.സന്തോഷ് കോടനാട്,ആന്റണി പോൾ എന്നിവരുടെ വരികൾക്ക് അൻവർ അമൻ,അജയ് ജോസഫ് എന്നിവർ സംഗീതം പകരുന്നു.പശ്ചാത്തല സംഗീതംതശി,എഡിറ്റിംങ്ഷൈലേഷ് തിരു.

പ്രൊഡക്ഷൻ കൺട്രോളർജോസ് വരാപ്പുഴ,കലഗാൽട്ടൺ പീറ്റർ,മേക്കപ്പ്സുധാകരൻ ടി വി,കോസ്റ്റ്യൂസ് കുക്കു ജീവൻ,സ്റ്റിൽസ്ഷാബു പോൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി ചിറ്റൂർ, അസോസിയേറ്റ് ഡയറക്ടർവിനയ് വർഗ്ഗീസ്,ശരത് കുമാർ,സൗണ്ട് ഡിസൈൻശേഖർ ചെന്നൈ,ഡിടിഎസ്അയ്യപ്പൻ എവിഎം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സോമൻ പെരിന്തൽമണ്ണ,പി ആർ ഒഎ എസ് ദിനേശ്.




# ടോപ് സീക്രട്ട് ഡിസംബർ 31ന്

കുട്ടീസ് ഇൻറർനാഷണൽ ബാനറിൽ തമ്പിക്കുട്ടി ചെറുമടക്കാല നിർമ്മിച്ച ഫസൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ടോപ് സീക്രട്ട് എന്ന ഹ്രസ്വ സിനിമ ഡിസംബർ 31ന് രാവിലെ 10 30ന് മില്ലനീയം ഓഡിയോസ് യൂട്യൂബ് ചാനലിലൂടെ റിലീസ് ചെയ്യുന്നു.പൂർണ്ണമായും ദുബായിൽ ചിത്രീകരിച്ച ഈ സസ്പെൻസ് ത്രില്ലർ സിനമിയിൽ യുഎഇയിലെ പ്രശസ്തരായ ഇൻസ്റ്റാഗ്രാം ഫെയ്സ്ബുക്ക് റിൽസിലൂടെ പ്രേക്ഷകരുടെ മനം കവർന്ന ജാസിൽ ജാസി, സുബൈബത്തുൽ അസ്ലമിയ, ശബാന, സിഞ്ചൽ സാജൻ,നിസാമുദ്ദീൻ നാസർ, തമ്പിക്കുട്ടി മോൻസ് ഷമീർ ദുബായ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

റാണി എന്ന സിനിമ സംവിധായകനായ നിസാമുദ്ദീൻ നാസർ ഈ സിനിമയുടെ ഛായാഗ്രഹണം നിർവഹിക്കുന്നു.സംഗീതം,ബിജിഎംധനുഷ് ഹരികുമാർ,ദുബായ് പ്രൊഡക്ഷൻ കോഡിനേറ്റർമോൻ ഷമീർ ദുബായ്, മേക്കപ്പ് ക്ഷേമ,പി ആർ ഒഎ എസ് ദിനേശ്.

# ജിയോ ഐഐടിബിയുമായി ചേർന്ന് ഭാരത് ജിപിടി ആരംഭിക്കും: ആകാശ് അംബാനി



**മുംബൈ:** രാജ്യത്തെ ഏറ്റവും വലിയ ടെലികോം കമ്പനിയായ റിലയൻസ് ജിയോ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിബോംബെയുമായി ചേർന്ന് ഭാരത് ജിപിടി പ്രോഗ്രാം ആരംഭിക്കുമെന്ന് ചെയർമാൻ ആകാശ് അംബാനി പറഞ്ഞു. ടെലിവിഷനുകൾക്കായി ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം അവതരിപ്പിക്കുന്നതിനെക്കുറിച്ചു ജിയോ സമഗ്രമായി ചിന്തിക്കുകയാണെന്നും ഇപ്പോൾ കുറച്ചുകാലമായി അതിൽ പ്രവർത്തിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക ടെക്ഫെസ്റ്റിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു ചെയർമാൻ ആകാശ് അംബാനി.

വികസനത്തിന്റെ ഒരു ഇക്കോസിസ്റ്റം നിർമ്മിക്കുന്നത് കമ്പനിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. കൂടാതെ ജിയോ 2.0ന്റെ പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു.

ഞങ്ങൾ ഐഐടി ബോംബെയുമായി ചേർന്ന് ഭാരത് ജിപിടി പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റിൽ പ്രവർത്തിക്കുകയാണ്, ജിയോയും ഐഐടി ബോംബെയുമായുള്ള പങ്കാളിത്തത്തെക്കുറിച്ച് സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

നിലവിൽ, വലിയ ഭാഷാ മോഡലുകളുടെയും ജനറേറ്റീവ് എഐയുടെയും ഉപരിതലം മാത്രമേ നമുക്ക് പ്രാപ്യമായുള്ളൂ. അടുത്ത ദശകത്തെ ഈ ആപ്ലിക്കേഷനുകൾ നിർവചിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും എല്ലാ മേഖലകളെയും പരിവർത്തനം ചെയ്യും. ഞങ്ങളുടെ എല്ലാ മേഖലകളിലും എഐ ഉപയോഗപ്പെടുത്താൻ ഞങ്ങൾ കഠിനമായി പരിശ്രമിക്കുന്നു, അദ്ദേഹം പറഞ്ഞു.

ഇന്ത്യയ്ക്ക് നല്ലതാണെന്ന വിശ്വാസത്തോടെയാണ് ജിയോ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു, പണത്തെ രാജ്യത്തിന് നൽകുന്ന സേവനത്തിന്റെ ഉൽപ്പന്നം എന്നും അദ്ദേഹം വിശേഷിപ്പിച്ചു.

ജിയോയെ ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് എന്ന് വിളിച്ച അംബാനി, യുവസംരംഭകർ പരാജയപ്പെടുമെന്ന് ഭയപ്പെടേണ്ടതില്ലെന്നും പറഞ്ഞു.

സംരംഭകർ സമൂഹനന്മയ്ക്കായി പ്രവർത്തിക്കണം. പ്രത്യേകിച്ചും ഉപഭോക്തൃ മേഖലയിൽ ഒരാൾ ഇടപെടുകയാണെങ്കിൽ, അവർ ചെയ്യുന്ന ജോലിയിൽ അഗാധമായ അഭിനിവേശം ഉണ്ടായിരിക്കണം.

ജനസംഖ്യയും ജാതിയും ഉൾപ്പെടെയുള്ള അതിർവരമ്പുകൾ മറികടക്കുന്നതിന് സാങ്കേതികവിദ്യ സഹായിക്കും. കൂടാതെ ജിയോ എല്ലായ്പ്പോഴും ഭാവിയിലെ സാങ്കേതിക വിദ്യയിൽ ശ്രദ്ധിക്കും, അദ്ദേഹം കൂട്ടിച്ചേർത്തു.

# പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് സംസ്ഥാന ഗവൺമെന്റ് കേരള പബ്ലിക്ക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് രൂപം നൽകിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ബോർഡിന്റെയും പുതിയ ഓഫീസ് മന്ദിരത്തിന്റെയും ഉദ്ഘാടനം വെള്ളിയമ്പലത്തെ ബോർഡ് ആസ്ഥാനത്ത്നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് സുതാര്യമായ നടപടികളിലൂടെ കാര്യക്ഷമതയും നൈപുണ്യവുമുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപികരിച്ച സ്വയംഭരണ സ്ഥാപനമാണ് കെ.പി.ഇ.എസ്.ആർ.ബി.വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റാണ് ആദ്യഘട്ടത്തിൽ ബോർഡിന്റെ പരിധിയിൽ വരുന്നത്.എന്നാൽ മറ്റ് വകുപ്പുകൾക്ക് കീഴിലുള്ളപൊതുമേഖല സ്ഥാപനങ്ങൾക്കും റിക്രൂട്ട്മെന്റ് സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.പ്രൊഫഷണലിസത്തിലൂടെ മികച്ച വരുമാനവും ലാഭവും നേടിയെടുക്കാൻ പൊതുമേഖല സ്ഥാപനങ്ങളെ സഹായിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.വികസനത്തിൽ വ്യവസായ മേഖലയ്ക്ക് പ്രധാന പങ്കാണുള്ളത്.സ്വകാര്യമേഖല മാത്രമാണ് വ്യവസായ മേഖലയെന്ന് കരുതരുതെന്നും പൊതുമേഖലയ്ക്കും വ്യവസായ മേഖലയിൽ സുപ്രധാന പങ്കാണ് വഹിക്കാനുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്ത് നിയമന രീതിയിലും എണ്ണത്തിലും പി.എസ്.സി മാതൃകാപരമായ ഇടപെടലാണ് നടത്തുന്നത്.ജനസംഖ്യയിലും വിസ്തൃതിയിലും മുന്നിലുള്ള സംസ്ഥാനങ്ങളും യു.പി.എസ്.സി യടക്കമുള്ള സ്ഥാപനങ്ങളും കേരളവുമായി താരതമ്യപ്പെടുത്തുമ്പോൾ തുച്ഛമായ നിയമനങ്ങളാണ് നടത്തുന്നത്.പി.എസ്.സി യുടെ അതേ കാര്യക്ഷമതയോടെ എം.ഡിയടക്കമുള്ളവരെ നിയമിക്കുന്നത് കെ.പി.ഇ.എസ്.ആർ ബോർഡിലൂടെയായിരിക്കും. എൽ.ഡി.എഫ് പത്രികയിലെ വാഗ്ദാനമാണ് സംസ്ഥാന സർക്കാർ നിറവേറ്റുന്നത്.

നാലാം വ്യവസായ വിപ്ലവത്തിൽ ഉൽപ്പാദനോന്മുഖമായ സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. നൈപുണ്യം ഉറപ്പു വരുത്തിയും പൂർണമായും സംവരണതത്വം പാലിച്ചുമായിരിക്കും നിയമനങ്ങൾ നടത്തുക.175 പദ്ധതികൾ പൂർത്തിയാക്കുന്നതിലൂടെ 9475 കോടി രൂപയുടെ അധിക നിക്ഷേപം സംസ്ഥാനം പ്രതീക്ഷിക്കുന്നു. നഷ്ടത്തിലായപൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്കെത്തിക്കാനും മൊത്തം ലാഭം148 കോടിയായി ഉയർത്താനും സംസ്ഥാന സർക്കാരിന് കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.തുടർന്ന് അദ്ദേഹംശിലാഫലകം അനാച്ഛാദനം ചെയ്തു.

വിഷയ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കൊണ്ട് നൈപുണ്യ പരിശീലന മടക്കം നൽകുന്ന തരത്തിലാണ് കേരള പബ്ലിക്ക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് രൂപം നൽകിയതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അഭിപ്രായപ്പെട്ടു.

ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിച്ചും മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രവർത്തിച്ചുമാണ് പൊതുമേഖല സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കെ.പി.ഇ.എസ്.ആർ.ബി ചെയർമാൻ ഡോ.വി ജോയ് സ്വാഗതമാശംസിച്ച ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ മുഖ്യപ്രഭാഷണം നടത്തി. വ്യവസായ വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെ.പി.ഇ.എസ്.ആർ.ബി സ്പെഷ്യൽ ഓഫീസർ അഞ്ജന എം, വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, ബി.പി.ടി ചെയർമാൻ അജിത് കുമാർ കെ, കെ.പി.ഇ.എസ്.ആർ.ബി മെമ്പർ രാജീവൻ വി, സെക്രട്ടറി രഞ്ജിത്കുമാർ എം.ജി എന്നിവർ സംബന്ധിച്ചു.

# ഐസിസിയുമായുള്ള പങ്കാളിത്തം എട്ട് വർഷത്തേക്ക് നീട്ടി കൊക്കകോള

**കൊച്ചി:** രാജ്യാന്തര ക്രിക്കറ്റ് കൗൺസിലുമായുള്ള പങ്കാളിത്തം നീട്ടി കൊക്കകോള. 2031 അവസാനം വരെ മൂന്ന് ഫോർമാറ്റുകളിലുമായുള്ള ഐസിസി ആഗോള മൽസരങ്ങളിലും പരിപാടികളിലുമായി എട്ട് വർഷത്തേക്കാണ് ആഗോള പങ്കാളിത്തം നീട്ടിയിരിക്കുന്നത്. ഐസിസിയുടെ ആഗോള പങ്കാളി എന്ന നിലയിലുള്ള ഈ എട്ട് വർഷത്തെ പങ്കാളിത്തം, തുടർച്ചയായ 13 വർഷം നീണ്ട(2019 2031) സമയപരിധിയിൽ, ഒരൊറ്റ ബ്രാൻഡുമായി ഐസിസി രൂപീകരിച്ച എക്കാലത്തെയും ദൈർഘ്യമേറിയ സഹകരണമായി മാറി.

ഐസിസിയുടെ ആസ്ഥാനത്ത് നടന്ന ഔദ്യോഗിക ചടങ്ങ് ഈ പങ്കാളിത്തത്തിന്റെ ചരിത്രപരമായ നാഴികക്കല്ല് അടയാളപ്പെടുത്തുന്നതും സ്പോർട്സിനോടുള്ള കൊക്കകോളയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നതുമായിരുന്നു.

ഈ ബന്ധം കൊക്ക കോള കമ്പനിയുടെ ബ്രാൻഡുകൾ എല്ലാം തന്നെ എക്സ്ക്ലൂസീവ് നോൺആൽക്കഹോളിക് പാനീയ പങ്കാളികളായി മാറുന്നതിലേയ്ക്ക് നയിച്ചിരിക്കുന്നു. 2031 അവസാനം വരെയുള്ള ഐസിസി ക്രിക്കറ്റ് ലോകകപ്പുകൾ, ഐസിസി ടി20 ലോകകപ്പുകൾ, ഐസിസി ചാമ്പ്യൻസ് ട്രോഫികൾ എന്നിവയുൾപ്പെടെ കായികരംഗത്തെ പരമോന്നതമായ എല്ലാ പുരുഷവനിതാ മത്സരങ്ങളും കരാറിൽ ഉൾപ്പെടുന്നു. ഈ പങ്കാളിത്ത വേളയിൽ എല്ലാ വർഷവും അന്താരാഷ്ട്ര പുരുഷവനിതാ മത്സരങ്ങളും രണ്ട് വർഷം കൂടുമ്പോൾ ഒരു ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ നടക്കും.




# പുത്തൻ ബ്രാൻഡ് മ്യൂസിക്കുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** പുതിയ ലോഗോയും ബ്രാൻഡ് നിറങ്ങളും അവതരിപ്പിച്ചതിൻറെ പിന്നാലെ എയർ ഇന്ത്യ എക്സ്പ്രസ് പുതിയ ബ്രാൻഡ് മ്യൂസിക്ക് അവതരിപ്പിച്ചു. തങ്ങളുടെ ബ്രാൻഡ് ഐഡൻറിറ്റി പതുക്കലിൻറെ ഭാഗമായാണ് ഇത്. കരുണ, അത്ഭുതം, വീര്യം എന്നിങ്ങനെ ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിലെ മൂന്ന് വ്യത്യസ്ത രസങ്ങളിലൂടെ എയർ ഇന്ത്യ എക്സ്പ്രസെന്ന ബ്രാൻഡിൻറെ സത്തയെ കലാപരമായി ഉൾക്കൊള്ളുന്ന വിധത്തിലാണ് പുതിയ ബ്രാൻഡ് മ്യൂസിക്ക് തയ്യാറാക്കിയിരിക്കുന്നത്.

ഈ ബ്രാൻഡ് മ്യൂസിക്കിൻറെ മിഡിൽ ഈസ്റ്റ് പതിപ്പും ക്രിസ്മസ് പതിപ്പും എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിച്ചിട്ടുണ്ട്. തങ്ങളുടെ ഏറ്റവും വലിയ ആഗോള വിപണിയായ ഗൾഫ് മേഖലയിലെ 13 കേന്ദ്രങ്ങളുടെ പ്രാമുഖ്യം ഉയർത്തിക്കാട്ടുന്നതാണ് ബ്രാൻഡ് മ്യൂസിക്കിൻറെ മിഡിൽ ഈസ്റ്റ് വേർഷൻ.

യാത്രാനുഭവങ്ങൾ പലപ്പോഴും മറക്കാനാവാത്ത ഓർമ്മകളാണെന്നും ആ ഓർമകൾക്ക് ഇണം നൽകുന്ന വിധത്തിലാണ് പുതിയ ബ്രാൻഡ് മ്യൂസിക്ക് തയ്യാറാക്കിയിരിക്കുന്നതെന്നും എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് മാർക്കറ്റിങ് ഓഫിസർ സിദ്ധാർത്ഥ ബുടാലിയ പറഞ്ഞു. ബ്രാൻഡ് മ്യൂസിക്കിൻറെ മിഡിൽ ഈസ്റ്റ് വേർഷൻ മദ്ധ്യേഷ്യയുടെ സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യം പ്രതിഫലിപ്പിക്കുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഏഷ്യയിലെ പ്രമുഖ സോണിക് ബ്രാൻഡിംഗ് സ്ഥാപനമായ ബ്രാൻഡ് മ്യൂസിക്കുമായി സഹകരിച്ചാണ് എയർ ഇന്ത്യ എക്സ്പ്രസ് പുതിയ ബ്രാൻഡ് മ്യൂസിക്ക് വികസിപ്പിച്ചെടുത്തത്.

# അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ 202426 എം ബി എ (ഫുൾടൈം) ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. www.kicma.ac.in വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. അവസാന തീയതി ജനുവരി 20.

കേരള സർവകലാശാലയുടെയും എ ഐ സി റ്റി യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിങഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക്സ്, സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും എസ് സി/എസ് റ്റി/ ഒ ഇ സി/ ഫിഷർമാൻ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യക്കും.അവസാനവർഷ ബിരുദ വിദ്യാർഥികൾക്കും ഫെബ്രുവരിയിലെ സിമാറ്റ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ 8547618290/9188001600.



കിടപ്പുരോഗികൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കുന്നതിന്റെ ഭാഗമായി ഐ.എം.എ കൊച്ചി,അരികെ പാലിയേറ്റീവ് കെയർ പ്രവർത്തരുടെ നേതൃത്വത്തിൽ വീടുകളിലെത്തുന്ന ക്രിസ്മസ് കരോൾ കലൂർ ഐ.എം.എ ഹൗസിൽ നിന്നാരംഭിച്ചപ്പോൾ.ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ്,സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ് തുടങ്ങിയവർ സമീപം

# കിടപ്പുരോഗികൾക്കൊപ്പം ക്രിസ്മസ് ആഘോഷവുമായി ഐ.എം.എ കൊച്ചിയും അരികെയും

**കൊച്ചി:** അശരണരായ കിടപ്പുരോഗികൾക്കൊപ്പം ആടിപ്പാടി ക്രിസ്മസ് ആഘോഷിച്ച് ഐ.എം.എ കൊച്ചി, അരികെ പാലിയേറ്റീവ് കെയർ പ്രവർത്തകർ. സ്നേഹത്തിന്റെയും കരുതലിന്റെയും പുതിയ അനുഭവങ്ങൾ പകർന്നു നൽകിക്കൊണ്ടാണ് ഡോ. അനീഷ്, ഡോ. എമി എന്നിവരുടെ നേതൃത്വത്തിൽ അരികെ ഹോം കെയറിലെ ജീവനക്കാരും സന്നദ്ധപ്രവർത്തകരും ഒപ്പം കൊച്ചു കുട്ടികളും കരോൾ ഗാനങ്ങൾ പാടി കിടപ്പു രോഗികൾക്ക് സാന്ത്വനമായി എത്തിയത്.



കിടപ്പുരോഗികൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കുന്നതിന്റെ ഭാഗമായി ഐ.എം.എ കൊച്ചി,അരികെ പാലിയേറ്റീവ് കെയർ പ്രവർത്തരുടെ നേതൃത്വത്തിൽ കരോളുമായി വീടുകളിൽ എത്തിയപ്പോൾ

കലൂർ ഐ.എം.എ ഹൗസിൽ നിന്നാരംഭിച്ച കരോൾ ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ. ജുനൈദ് റഹ്മാൻ ഉദ്ഘാടനം ചെയ്തു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ് അധ്യക്ഷത വഹിച്ചു.

സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ് തുടങ്ങിയവർ പങ്കെടുത്തു. വാഴക്കാല നവനിർമ്മാൺ വിദ്യാലയത്തിലെയും, എളമക്കര ഭവൻസ് വിദ്യാമന്ദിറിലെയും കുട്ടകൾ തയ്യാറക്കിയ ക്രിസ്മസ് കാർഡുകളും,ഗിരിനഗർ ഭവൻസ് സ്കൂൾ വിദ്യാർഥികൾ നൽകിയ ക്രിസ്മസ് കേക്കും കരോൾ സംഘം രോഗികൾക്ക് സമ്മാനിച്ചു.

സെന്റ്.തെരേസാസ് പൂർവ്വ വിദ്യാർഥി സംഘടനയായ അസ്റ്റ, മുത്തൂറ്റ് ഫിനാൻസ്, ഇന്നർ വീൽ ഹെൽത്ത് ക്ലബ്ബ് എന്നിവരും കരോളിന്റെ ഭാഗമായി അണിചേർന്നു.



# എലാൻ ഹെറിറ്റേജ് ഹാളിൽ ബ്രാന്റഡ് വസ്ത്രങ്ങളുടെ ഡിസ്കൗണ്ട് വിൽപ്പന

**കോഴിക്കോട്:** ബ്രാന്റഡ് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഡിസ്കൗണ്ട് വിൽപ്പന കോഴിക്കോട് പി ടി ഉഷ റോഡിലെ എലാൻ ഹെറിറ്റേജ് ഹാളിൽ നടക്കുന്നു. അഞ്ച് ദിവസം തുടരുന്ന ഡിസ്കൗണ്ട് വിൽപ്പനയിൽ 80 ശതമാനം വരെ വിലക്കുറവാണ് ഉപഭോക്താക്കൾക്ക് ലഭിക്കുകയെന്ന് സംഘാടകർ വ്യക്തമാക്കി.

മെൻസ് ഗാർമെന്റ്സ് 249 മുതൽ 349 രൂപ വരെയും ലേഡീസ് ഗാർമെന്റ്സ് 149 മുതൽ 599 രൂപ വരെയും കുട്ടികളുടെ വസ്ത്രങ്ങൾ 149 രൂപ മുതൽ 349 രൂപ വരെയും വിലക്കിഴിവിൽ ലഭിക്കും. ഷർട്ട്, പാന്റ്, ടീഷർട്ട്, ലോവർ, ബർമുഡ, കുർത്തി, ടോപ്സ്, പൈജാമ, പലാസോ, വെസ്റ്റേൺ ഔട്ട്ഫിറ്റ്സ്, കിഡ്സ് പാന്റ്, ബെഡ്ഷീറ്റ് തുടങ്ങിയവ ഉൾപ്പെടെയാണ് ഓഫറിലുള്ളത്. 1599 രൂപ മുതൽ 3999 രൂപ വരെ വില വരുന്ന എക്സ്ക്ലൂസീവ് ജെന്റ്സ് പ്രീമിയം ഷർട്ട്, പാന്റ്, ടീഷർട്ട് തുടങ്ങിയവ 499 മുതൽ 999 രൂപ വരെ വിലയിൽ ലഭ്യമാണ്.സ്കള്ളേഴ്സ്, ഇന്ത്യൻ നാഷൻ, ഇന്ത്യൻ ടെറയിൻ, വെറോമോട, ബീറ്റ് ലണ്ടൻ, പെപെ ജീൻസ്, ജോൺ മില്ലർ, ഡാനിയൽ ഹെച്ചർ, ജാക്ക് ജോൺസ്, ഹൈലാന്റർ, ഇസോഡ് തുടങ്ങി അന്താരാഷ്ട്ര ബ്രാന്റുകൾ ഡിസ്കൗണ്ട് സെയിലിലിലുണ്ടെന്നും സംഘാടകർ പറഞ്ഞു.



# ദേശീയ സരസ് മേള: സ്പെഷ്യൽ സോഡകൾ മുതൽ ലസ്സിവരെ; ലക്ഷ്യ ജ്യൂസ് കൗണ്ടറിൽ ആകെ തിരക്കാണ്

**കൊച്ചി:** കൊച്ചി സരസ് മേളയിൽ തിരക്കൊഴിയാത്ത ഒരിടമാണ് ജ്യൂസ് കൗണ്ടറുകൾ. ട്രാൻസ് ജെൻഡർ വിഭാഗത്തിൽ നിന്നുള്ളവർ നടത്തുന്ന ലക്ഷ്യ ജ്യൂസ് കൗണ്ടർ അതിൽ എടുത്ത് പറയേണ്ടതാണ്. വിവിധതരം സോഡകൾ മുതൽ ലസ്സികളും സ്പെഷ്യൽ ജ്യൂസുകളും ഉൾപ്പെടെ വൈവിധ്യമാർന്ന നിരവധി പാനീയങ്ങളാണ് ഇവിടെയുള്ളത്.സോഡകളിൽ ചക്ക സോഡയും അച്ചാർ സോഡയും മോര് സോഡയും പച്ചമാങ്ങ സോഡയുമൊക്കെയാണ് താരങ്ങൾ. ക്ലാസ്സിക്, ഫ്രഷ് ഫ്രൂട്ട്, മാംഗോ നട്ട് തുടങ്ങിയവയാണ് ലസ്സികൾ.

വിവിധതരം പഴങ്ങൾ, പച്ചക്കറികൾ, മിക്സ്ഡ് വെറൈറ്റികൾ ഉൾപ്പെടെ പതിനഞ്ചോളം ജ്യൂസുകളും ഇവിടെ ലഭ്യമാണ്. അതിനുപുറമേ സ്പെഷ്യൽ ഇൻസ്പിരേഷ്ണൽ എന്ന പേരിൽ പുതിയ രുചിക്കൂട്ടുകളുമായി ഏഴോളം ജ്യൂസുകൾ വേറെയുമുണ്ട്. മിൽക്ക് സർബത്തുകൾ, ഷേക്കുകൾ, ഫ്രഷ് ലൈമുകൾ തുടങ്ങിയവയും ഇവിടെയുണ്ട്.അമൃത ജോസഫ് മാത്യു, അനാമിക രാജേന്ദ്രൻ, മിഥുൻ പവിത്രൻ, മറിയാമ്മ മാത്യു, റിച്ചു ജോയ്, റാണി എന്നിവർ ചേർന്നാണ് ജ്യൂസ് കൗണ്ടർ നടത്തുന്നത്.

എറണാകുളം സ്വദേശികളായ ഇവർ 2017 മുതൽ കാക്കനാട് കളക്ടറേറ്റിൽ ജ്യൂസ് കൗണ്ടർ നടത്തി വരുന്നുണ്ട്. കുടുംബശ്രീ സംരംഭകരായ ഇവർ ഇതിനകം ആറ് സരസ്മേളകളിൽ പങ്കെടുത്തു കഴിഞ്ഞു.

കൊച്ചി സരസ് മേളയിൽ ഇതുവരെ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. കൗണ്ടറിൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നതെന്നും അവർ പറഞ്ഞു.

# ദേശീയ സരസ് മേള : നവ സംരംഭകരുടെ തുണി ബാഗുകളെ ഏറ്റെടുത്ത് സരസ്

**കൊച്ചി:** അങ്കമാലി പാറക്കടവ് പഞ്ചായത്തിൽ ഇളവൂരിൽ നിന്നുള്ള കുടുംബശ്രീ വനിതകളുടെ നവ സംരംഭമാണ് ഗ്രീൻ പ്ലാനറ്റ് എന്റർപ്രൈസസ്. പ്രകൃതി സൗഹൃദമായ വിവിധതരം ബാഗുകളും അനുബന്ധ വസ്തുക്കളുമാണ് ഇവർ ഉത്പാദിപ്പിക്കുന്നത്. വ്യത്യസ്തമായ ഈ ഉത്പന്നങ്ങൾക്ക് സരസ് മേളയിൽ പ്രിയമേറുകയാണ്.ഷോൾഡർ ബാഗുകൾ, ടോട്ട് ബാഗുകൾ, ഹാൻഡ് ബാഗുകൾ, വാലറ്റുകൾ, ലഞ്ച് ബാഗുകൾ, സഞ്ചികൾ തുടങ്ങിയവയാണ് ഇവരുടെ പ്രധാന ഉത്പന്നങ്ങൾ. ജൂട്ട്, തുണി, പേപ്പർ തുടങ്ങിയ പ്രകൃതി സൗഹൃദമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ബാഗുകൾ നിർമ്മിക്കുന്നത്. ആകർഷകമായ ഡിസൈനുകൾ ബാഗുകളിൽ പ്രിന്റ് ചെയ്തു നൽകുന്നുമുണ്ട്. 150 രൂപ മുതൽ 250 രൂപ വരെയാണ് ഇവരുടെ ഉത്പന്നങ്ങളുടെ വില. നിലവിൽ പ്രധാനമായും മേളകൾ വഴിയാണ് വിൽപ്പന നടക്കുന്നത്. കുടുംബശ്രീയിലൂടെ ലഭിച്ച പരിശീലനത്തിൽ നിന്നാണ് എബി മോൾ, സുനിത പ്രദീപ്, ഷെമീറ ഷബീർ, സവിത രജീഷ്, എം.ആർ രേഖ, സെലീന പാപ്പച്ചൻ, അർച്ചന, ബീന രവി എന്നീ വനിതകൾ ചേർന്ന് പുതിയ സംരംഭം തുടങ്ങിയത്. സംരംഭത്തിലേക്ക് ഇറങ്ങിയിട്ട് ആറുമാസം കഴിയുന്നതേ ഉള്ളൂ എങ്കിലും തികഞ്ഞ ആത്മവിശ്വാസമാണ് ഇവർക്കുള്ളത്.

ഇതിനകം വിവിധ മേളകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. എന്നാൽ സരസ് ഒരു പുതിയ അനുഭവമാണെന്നും മികച്ച പ്രതികരണമാണ് സന്ദർശകരിൽ നിന്ന് ലഭിക്കുന്നതെന്നും അവർ പറഞ്ഞു.

# മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള സിഎംഎഫ്ആർഐയിൽ ഇന്ന് തുടക്കം

**കൊച്ചി:** മീനിനൊപ്പം ചെറുധാന്യ രുചിക്കൂട്ടുകൾ പരിചയപ്പെടുത്തുന്ന മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള കൊച്ചിയിൽ ഇന്ന് (ഡിസ: 28, വ്യാഴം) തുടങ്ങും. കർണാടകയിലെ ചെറുധാന്യ കർഷകസംഘങ്ങളുടെ വിവിധ ഉൽപന്നങ്ങളും വനിത സ്വയംസഹായക സംഘങ്ങൾ ഒരുക്കുന്ന മില്ലറ്റ്മീൻ വിഭവങ്ങളുമാണ് മേളയിലെ പ്രധാന ആകർഷണങ്ങൾ. കൂടാതെ, ചെറുധാന്യങ്ങളുടെ കുക്കറി ഷോ, കൂടുകൃഷികളിൽ വിളവെടുത്ത ജീവനുള്ള മീനുകൾ, ബയർസെല്ലർ സംഗമം, പോഷണആരോഗ്യ ചർച്ചകൾ, പാചക മത്സരം, ലക്ഷദ്വീപ് ഉൽപന്നങ്ങൾ തുടങ്ങിയവയും ശിനായഴ്ച വരെ നീണ്ടു നിൽക്കുന്ന മേളയിലുണ്ടാകും.എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിക്കുന്ന മേള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലാണ് (സിഎംഎഫ്ആർഐ) നടക്കുന്നത്.ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങളും അവയിൽ നിന്നുണ്ടാക്കുന്ന ഉൽപന്നങ്ങളും മേളയിൽ വാങ്ങാവുന്നതാണ്. മീനിനോടൊപ്പവും അല്ലാതെയുമുള്ള ചെറുധാന്യങ്ങളുടെ വിവിധ രുചിക്കൂട്ടുകൾ ആസ്വദിക്കുകയും ചെയ്യാം. മത്സ്യ



വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്), കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ബേക്കേഴ്സ് അസോസിയേഷൻ തുടങ്ങിയവരുടെ സ്റ്റാളുകളും മേളയിലുണ്ടാകും.ബയർസെല്ലർ സംഗമത്തിൽ വിവിധ ചെറുധാന്യ ഉൽപന്നങ്ങൾക്കൊപ്പം മീനുകളിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളും ലഭ്യമാകും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും അവയുടെ കീഴിലുള്ള കർഷക ഉൽപാദന കമ്പനികളും സംരംഭകരും സംഗമത്തിനെത്തും. നബാർഡ് കർഷക ഉൽപാദക കമ്പനികളുമുണ്ട്.

ഉൽപ്പന്നങ്ങൾ നേരിട്ട് വാങ്ങാനും വ്യാപാര ബന്ധം തുടങ്ങാനും താൽപര്യമുള്ള ഉപഭോക്താക്കൾ, വ്യാപാരികൾ, മൊത്തകച്ചവടക്കാർ, സർക്കാർസഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് സംഗമം പ്രയോജനപ്പെടും.ചെറുധാന്യ കർഷകർ, കർഷക ഉൽപാദന സംഘങ്ങൾ, വനിതാ സംരംഭകർ, മത്സ്യസംസ്കരണ രംഗത്തുള്ളവർ, കാർഷികഭക്ഷ്യ സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ മേളയിൽ പങ്കെടുക്കും. ഭക്ഷ്യമേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് വിവിധ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ മേളയിൽ പരിചയപ്പെടുത്തും.

ആകാശവാണി കൊച്ചി എഫ്എം ഒരുക്കുന്ന കലാപരിപാടികൾ എല്ലാദിവസവും 7 മുതൽ ഉണ്ടാവും. രാവിലെ 11 മുതൽ രാത്രി 8 വരെയാണ് മേളയുടെ സമയം. പ്രവേശനം സൗജന്യമാണ്.

# ഇൻഡസ്ഇൻഡ് ബാങ്ക് ഇസ്വർണ അവതരിപ്പിച്ചു

**കൊച്ചി:** ഇൻഡസ്ഇൻഡ് ബാങ്ക് റുപ്പെ ശൃംഖലയിലുള്ള ഇന്ത്യയിലെ ആദ്യ കോർപറേറ്റ് ക്രെഡിറ്റ് കാർഡ് ആയ ഇസ്വർണ അവതരിപ്പിച്ചു. കോർപറേറ്റ് ക്രെഡിറ്റ് കാർഡും യുപിഐ പ്രവർത്തനങ്ങളും ആദ്യമായി സംയോജിപ്പിക്കുന്ന നേട്ടവും ഇതിലൂടെ ഇൻഡസ്ഇൻഡ് ബാങ്കിനു സ്വന്തമായി.




കച്ചവട സ്ഥാപനങ്ങളിൽ സുഗമമായ ഇടപാടുകൾ നടത്താനും യുപിഐ സൗകര്യമുള്ള ആപ്പുകളുമായി കാർഡിനെ ബന്ധിപ്പിച്ച് പണമടക്കലുകൾ നടത്താനും ഇതു സഹായകമാകുമെന്ന് ഇൻഡസ്ഇൻഡ് ബാങ്ക് കൺസ്യൂമർ ബാങ്കിങ് ആന്റ് മാർക്കറ്റിങ് വിഭാഗം മേധാവി സൗമിത്ര സെൻ പറഞ്ഞു.സവിശേഷമായ നിരവധി നേട്ടങ്ങളും റിവാർഡുകളും ഇസ്വർണ ക്രെഡിറ്റ് കാർഡു വഴി ലഭ്യമാക്കും. ഉപഭോക്താവ് പ്രതീക്ഷിക്കുന്നതിലും ഒരു ചുവടു മുന്നിലുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലാണ് ഇൻഡസ്ഇൻഡ് ബാങ്ക് എപ്പോഴും വിശ്വസിക്കുന്നതെന്നും സൗമിത്ര സെൻ പറഞ്ഞു. ഇന്ത്യയിലെ പ്രൊഫഷണലുകൾക്കും ബിസിനസുകാർക്കും അവരുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട മൂല്യവർധിത നേട്ടങ്ങൾ സ്വന്തമാക്കാനും കാർഡ് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

റുപ്പെയിലുള്ള കോർപറേറ്റ് കാർഡ് ആദ്യമായി രാജ്യത്ത് അവതരിപ്പിക്കുന്നത് കോർപറേറ്റ് ഉപഭോക്താക്കൾക്ക് അതുല്യമായ നേട്ടങ്ങളും അനുഭവങ്ങളും പ്രദാനം ചെയ്യുമെന്ന് എൻപിസിഐ ചീഫ് ഓപ്പറേറ്റിങ് ഓഫിസർ പ്രവീണ റായ് ചൂണ്ടിക്കാട്ടി.

# സോമാനി മാക്സ് കവർസ്റ്റോൺ 15 പുറത്തിറക്കി

**കൊച്ചി:** സെറാമിക് ടൈലുകളുടെയും അനുബന്ധ ഉൽപന്നങ്ങളുടെയും ആഗോള മുൻനിരയിലുള്ള സോമാനി സെറാമിക്സ് ലിമിറ്റഡ്, തങ്ങളുടെ പുതിയ ബ്രാൻഡായ സോമാനി മാക്സിന് കീഴിൽ കവർസ്റ്റോൺ 15 എന്ന 15mm ആഡംബര സ്ലാബുകളുടെ ശേഖരം മുംബൈയിൽ പുറത്തിറക്കി.




സോമാനിയുടെ ഫ്രിറ്റേജ് കോംപാക്റ്റ് സ്ലാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച കവർസ്റ്റോൺ 15 വളരെ ഉയർന്ന താപനിലയിൽ സൂക്ഷ്മമായ പ്രക്രിയകളിലൂടെ അസാധാരണമായ ഉപരിതല ഗുണങ്ങൾ കൈവരിക്കാൻ സഹായിക്കുന്നു. ഇടതൂർന്നതും കടുപ്പമുള്ളതും സുഷിരങ്ങളില്ലാത്തതും മോടിയുള്ളതുമായ പ്രതലമുള്ള ഈ സ്ലാബുകൾ തീ, രാസവസ്തുക്കൾ, പാടുകൾ, പോറലുകൾ എന്നിവയെ പ്രതിരോധിക്കാൻ ശേഷിയുള്ളതാണ്. ലോഞ്ചിനോട് അനുബന്ധിച്ച് ടിവി, ഡിജിറ്റൽ, റേഡിയോ, ഔട്ട്ഡോർ മീഡിയ എന്നിവയെ ഉൾക്കൊള്ളുന്ന ബ്രാൻഡ് അംബാസഡർ സൽമാൻ ഖാനുമായി സോമാനി 360ഡിഗ്രി മാർക്കറ്റിംഗ് കാമ്പെയ്നും ആരംഭിച്ചു.നൂതനത്വത്തോടുള്ള ഞങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയിൽ, എഫ്സിഎസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഞങ്ങൾ അത്യാധുനിക കവർസ്റ്റോൺ 15 ശ്രേണിയിൽ, ആവേശകരമായ വലുപ്പങ്ങളും മുൻപ് കണ്ടിട്ടില്ലാത്ത ഫിനിഷുകളും അവതരിപ്പിക്കുന്നു. ഈ പുതിയ സ്ലാബുകൾ ഗ്രൗട്ട് ലൈനുകൾ കുറയ്ക്കാനും കൗണ്ടർടോപ്പുകൾ, സ്റ്റെയർകെയ്സുകൾ, ഫ്ലോറിംഗ്, വാൾ ക്ലാഡിംഗ്, ഫർണിച്ചർ ഘടകങ്ങൾ, വിൻഡോ, ലിഫ്റ്റ് സീലിംഗ് എന്നിങ്ങനെ പുത്തൻ കാഴ്ചപ്പാടുകൾ നൽകാനും സഹായിക്കുന്നു. മിനുക്കിയ മാർബിളിന്റെ സമൃദ്ധമായ തിളക്കമോ, മര ഉപരിതലത്തിന്റെ ഉജ്ജ്വലമായ ചാരുതയോ, പ്രകൃതിദത്ത കല്ലിന്റെ പരുക്കൻ വശമോ ആകട്ടെ, സോമനി മാക്സ് പരിധിയില്ലാത്ത സർഗ്ഗാത്മകതയെ ക്ഷണിക്കുന്നു. സോമനി സെറാമിക്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അഭിഷേക് സോമനി പറഞ്ഞു.

